യാതൊരു സംശയവുമില്ല. ഈ സഭയ്ക്കു ഞാൻ നൽകുന്ന ഉറപ്പാണ്. 8.1 ശതമാനമെന്നുള്ളത് മാനുവൽ ഗൈഡ് ലൈനാണ്. ഇതു ഗൈഡ് ലൈൻ മാത്രമേയാകുന്നുള്ളൂ. റൂളിലില്ല. അതുകൊണ്ട് റൂളിൽ ഇത് ഉൾപ്പെടുത്തി, സ്റ്റാറ്റ്യൂട്ടറി backing കൊടുത്ത് അദ്ദേഹം ഇവിടെ ഉന്നയിച്ച ശരിയായ ആശങ്ക ഇല്ലാതാക്കുന്നതിനുള്ള നടപടി നിശ്ചയമായും ഗവൺമെന്റ് സ്വീകരിക്കും. അത് ഞാൻ ഈ സഭയ്ക്ക് ഉറപ്പു തരുന്നു.

(2) പോലീസ് സേനയിൽ സ്ത്രീകൾക്ക് പത്ത് ശതമാനം സംവരണം

ശ്രീമതി എൻ. കെ. രാധ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ചാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കാനുള്ളത്. പോലീസ് സേനയിൽ പത്ത് ശതമാനം വനിതാ പോലീസിനെ നിയമിക്കണമെന്നതിനെ ആസ്പദമാക്കിയാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ഇന്ന് പോലീസ് സേനയിൽ നാല്പത്തി രണ്ടായിരത്തിലേറെ അംഗങ്ങളുള്ളതിൽ കേവലം അഞ്ഞൂറോളം വനിതാ പോലീസുകാരാണുള്ളത്. ജനസംഖ്യയിൽ ബഹുഭൂരിപക്ഷം സ്ത്രീകളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ അസംബ്ലിയിൽ പോലീസ് സേനയിൽ പുരുഷന്മാരുടെയൊപ്പം തന്നെ സ്ത്രീകളുടെ അനുപാതം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെയേറെ സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. അത് ത്വരിതപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന ഒരു ജനവിഭാഗത്തിന് സ്വതന്ത്രമായും നിർഭയമായും തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുവാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരെ നിയമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ, അതുകൊണ്ടു മാത്രം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയില്ല. പാവപ്പെട്ട നാട്ടിൻപുറത്തുള്ള സ്ത്രീകൾ അവരുടെ പ്രശ്നങ്ങൾ പറയാൻ ലോക്കൽ പോലീസ് സ്റ്റേഷനുകളിലാണ് അഭയം പ്രാപിക്കുന്നത്. അവർക്ക് അവരുടെ പ്രശ്നങ്ങൾ നിർഭയമായി പറയണമെങ്കിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്ത്രീകളെ വനിതാ പോലീസുകാരായി നിയമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ ഇന്ന് ഐ.പി.എസ്. ഉദ്യോഗസ്ഥരായി ഒട്ടേറെ സ്ഥലങ്ങളിൽ സ്ത്രീകളെ നിയമിക്കാറുണ്ട്. പുരുഷന്മാരോടൊപ്പം തന്നെ അവരുടെ കഴിവ് തെളിയിക്കാനുള്ള അവസരമാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്. ആ രംഗത്ത് വളരെയേറെ പ്രഗത്ഭരായിട്ടുള്ള ഉദ്യോഗസ്ഥകളെ നമുക്ക് കാണുവാൻ സാധിക്കുന്നുണ്ട്. എന്നാൽ ജില്ലാ എസ്.പി.മാരായിട്ടും എസ്.പി.മാരായിട്ടുമൊക്കെ ഇവരെ നിയമിക്കാറുണ്ടെങ്കിലും എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇന്ന് വനിതാ എസ്.ഐ.മാരുണ്ടാകണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെ തന്നെ ലോക്കൽ പോലീസ് സ്റ്റേഷൻ ചുമതലയിൽ വനിതാ എസ്.ഐ.മാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതുകൊണ്ട് അടിയന്തിരമായി പോലീസ് വിഭാഗത്തിൽ 10 ശതമാനം വനിതാ പോലീസുകാരുണ്ടാകാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, പോലീസിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുക എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. പോലീസ് സേനയിൽ വനിതകളുടെ അംഗസംഖ്യ സേനാബലത്തിന്റെ പത്ത് ശതമാനമായി ഉയർത്തും. ഇതിനുവേണ്ടി 3500 പേരെ റിക്രൂട്ടു ചെയ്യാൻ നേരത്തേ തീരുമാനിക്കുകയും അതനുസരിച്ച് നടപടികൾ നടന്നു വരികയുമാണ്. എഴുത്തുപരീക്ഷ നടന്നുകഴിഞ്ഞിട്ടുണ്ട്. സെപ്റ്റംബർ മാസത്തോടെ റാങ്ക് ലിസ്റ്റ് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പി.എസ്.സി.യിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളത്. സബ് ഇൻസ്പെക്ടർമാരുടെ ജനറൽ റിക്രൂട്ടുമെന്റിനോടൊപ്പം നിശ്ചിത അനുപാതത്തിൽ വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് തെരഞ്ഞെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള വനിതാസെൽ, എയർപോർട്ട് സെക്യൂരിറ്റി, എന്നീ വിഭാഗങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനിതാ സി.ഐ., എസ്.ഐ., എച്ച്.പി.സി., പി.സി. തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസിനെ നിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി വനിതാ സബ് ഇൻസ്പെക്ടറെ നിയോഗിക്കുന്നതിനും അതിനാവശ്യമായ പരിശീലനം നൽകാനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(3) കംപ്യൂട്ടർ സെന്ററുകൾ നടത്തുന്ന കോഴ്സുകളുടെ ഗുണനിലവാരം

ശ്രീമതി കെ. കെ. ശൈലജ : സർ, കേരളത്തിൽ ഇൻഫർമേഷൻ ടെക്നോളജിയുടേയും കംപ്യൂട്ടറിന്റെയും രംഗത്ത് നമുക്ക് ശ്രദ്ധേയമായിട്ടുള്ള കാൽവയ്പുകൾ നടത്തേണ്ടതായിട്ടുണ്ട്. ഇലക്ട്രോണിക് വ്യവസായം, ഇന്ന് ലോകത്തിലെ തന്നെ ഏറ്റവും വലിയ വ്യവസായമായി മാറിയിരിക്കുകയാണ്. കേരളത്തിനും ഈ മേഖലയിലേയ്ക്കു കടന്നു ചെല്ലണമെന്ന ആഗ്രഹത്തിന്റെ ഫലമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വിദഗ്ദ്ധരുമായി നിരവധി തവണ ചർച്ചകൾ നടത്തിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിനുവേണ്ടി അത്തരമൊരു പ്രോജക്ട് രൂപീകരിക്കുന്നതായിട്ടും അറിയാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, കേരളത്തിൽ, കംപ്യൂട്ടർ രംഗത്തേയ്ക്കുള്ള പുതിയ കാൽവയ്പ് ഒരു വലിയ ദുർവ്യയമായി മാറാതിരിക്കാൻ, ഇന്ന് കേരളത്തിൽ നടക്കുന്ന കംപ്യൂട്ടർ പരിശീലനം അതുപോലെ കംപ്യൂട്ടറുമായി ബന്ധപ്പെട്ട വിവിധ കോഴ്സുകൾ, ആ കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ ഏജൻസികൾ കംപ്യൂട്ടർ കോഴ്സുകൾ നടത്തുകയാണ്. കംപ്യൂട്ടർ സെന്ററുകൾ ആരംഭിക്കുകയാണ്. അത്തരം കോഴ്സുകളിൽ നിന്നു ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ഒരേ ഗുണനിലവാരമുള്ളതായിരിക്കുകയില്ല. വിവിധ കേന്ദ്രങ്ങളിൽ നിന്നു ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ജോലിക്ക് ഉപയുക്തമായിട്ടുള്ളതല്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെ വിവരസാങ്കേതികവിദ്യയുടെ രംഗത്തും ഗുണനിലവാരമുള്ള കോഴ്സുകളും ഗുണനിലവാരമുള്ള ആളുകളും അതുപോലെ തന്നെ സ്കൂളുകളും വന്നാൽ മാത്രമേ നമ്മുടെ ഉദ്ദേശ്യം പൂർണ്ണമാകുകയുള്ളൂ. ജനകീയാസൂത്രണ പ്രക്രിയ

LIBRARY ARCHIVES Kerala Legislative Assembly